നം.കെ.എസ്.എ.കെ.ടി.എം.പി4-1614/19 തിയതി:12.11.2019.

# കോട്ടയം ജില്ലയിലെ കടപ്ലാമറ്റം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് **215(4)** , **1994** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് **13, 1996**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ **കടപ്ലാമറ്റം** ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1-10-2018 മുതൽ 31-08-2019 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | **ശ്രീ. സാബു.സി.ജോർജ്ജ്, ഡെപ്യൂട്ടി ഡയറക്ടർ** | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 09.10.2019 മുതൽ 19.10.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി മായ ആർ. | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി സ്മിത.ജി.നായർ. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ഷീല.വി.ആർ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ബിനീത് രാജൻ | ഓഡിറ്റർ |

## (ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി മേരിക്കുട്ടി തോമസ് | 1-4-18 മുതൽ 19-5-18 വരെ |
| | ശ്രീമതി പൗളിൻ ടോമി | 20-5-18 മുതൽ 17-6-18 വരെ |
| | ശ്രീമതി ലിസ്സി തോമസ് | 18-6-18 മുതൽ 31-3-19 വരെ |
| സെക്രട്ടറി | ശ്രീ. സണ്ണി മാത്യു | 1-4-18 മുതൽ 31-3-19 വരെ |

## (സി) മറ്റ് നിർവഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| | | |

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. റെജികുമാർ വി.എസ്. | 01.04.2018 മുതൽ 05.03.2019 വരെ |
| | ശ്രീമതി സന്ധ്യ.എസ്.സി | 07.03.2019 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി ഷീബാ തോമസ് | 01.04.2018 മുതൽ 25.02.2019 വരെ |
| | ശ്രീ. ഷാജൻ.ടി.കെ | 26.02.2019 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ. സന്തോഷ് കെ.സി. | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി. | ഡോ. ശോഭശ്രീ എം.എസ്. | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ - ഹോമിയോ | ഡോ. മിനികുമാരി പി. | 01.04.2018 മുതൽ 20.07.2018 വരെ |
| | ഡോ. റ്റിനു മാത്യു | 21.07.2018 മുതൽ 31.03.2019വരെ |
| മെഡിക്കൽ ഓഫീസർ - ആയുർവേദം | ഡോ. തുഷാര മാത്തുക്കുട്ടി | 01.04.2018 മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീ. അനീഷ് ആർ. | 01.04.2018 മുതൽ 31.03.2019 വരെ |
| | ശ്രീ. അനീഷ് ലത്തീഫ് | 01.04.2018 മുതൽ 02.12.2018 വരെ |
| | ശ്രീമതി ദിവ്യശ്രീ.റ്റി.ആർ | 03.12.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി വിസി ബി.ആർ. | 01.04.2018 മുതൽ 07.07.2018 വരെ |
| | ശ്രീമതി മിനികുമാരി.പി.എൻ | 16.07.2018 മുതൽ 26.09.2018 വരെ |
| | ശ്രീമതി ഓമന.എം.ഡി | 01.10.2018 മുതൽ 31.03.2019 വരെ |
| ഹെഡ്മിസ്ട്രസ് | ശ്രീമതി വി.എസ്.ചന്ദ്രാമ്മ | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീ.നിബു കുര്യൻ | 01.04.2018 മുതൽ 16.02.2019 വരെ |
| | ശ്രീ സനീഷ്.കെ.ബി | 16.02.2019 മുതൽ 05.03.2019 വരെ |
| | ശ്രീമതി സുകന്യ.ആർ | 06.03.2019 മുതൽ 31.03.2019വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി ജമിനി ജോൺ | 01.04.2018 മുതൽ 31.03.2019 വരെ |

## (ഡി) <u>ഉള്ളടക്കം</u>



| ക്രമ നം. | **ഭാഗം 1** | ഖണ്ഡിക നമ്പർ |
|---|---|---|
| | **ഓഡിറ്റ് റിപ്പോർട്ട്** | |
| 1 | ബജറ്റ് | 1-1 |
| 2 | ഫണ്ട് വിനിയോഗം | 1-2 |
| 3 | പദ്ധതി അവലോകനം | 1-3 |
| 4 | ആഭ്യന്തര നിയന്ത്രണം | 1-4 |
| 5 | ക്യാഷ് പരിശോധന | 1-5 |
| | | |

| | | |
|---|---|---|
| 6 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-6 |
| 7 | വാർഷിക ധനകാര്യപത്രികകളുടെ പരിശോധനയും വിശകലനവും | 1-7 |
| 8 | വസ്തുനികുതി പിരിവ് പൂർണ്ണമല്ല | 1-8 |
| 9 | ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല | 1-9 |
| 10 | കുടിശിക ഈടാക്കാതെ തൻവർഷ വാടക സ്വീകരിച്ചു | 1-10-1 |
| 11 | വാടക പിരിവ്- അപാകതകൾ | 1-10-2 |
| 12 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് നൽകൽ – അപാകതകൾ | 1-11 |
| 13 | പഞ്ചായത്തിലെ വൃക്ഷങ്ങളുടെ ലേലം – കമ്മറ്റി തീരുമാനങ്ങൾ നടപ്പാക്കിയില്ല | 1-12 |
| 14 | പ്രത്യേക ആവശ്യത്തിന് ലഭിച്ച തുക ചെലവഴിക്കാത്തത് സംബന്ധിച്ച് | 1-13 |
| 15 | വിവിധയിനങ്ങളിലെ കുടിശിക സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയില്ല | 1-14 |
| 16 | ഗ്രാമപഞ്ചായത്തിന് പുതിയ ഓഫീസ് സമുച്ചയം – സ്ഥലം ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിലാക്കാത്തത് മൂലം നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞില്ല | 1-15 |
| 17 | സ്ട്രീറ്റ് ലൈറ്റ് മെയിൻ വലിക്കൽ – അപാകതകൾ | 1-16 |
| 18 | പട്ടികജാതി വനിതകൾക്ക് വസ്ത്രനിർമ്മാണ യൂണിറ്റ് – തുക വിനിയോഗിച്ചിട്ടും പൂർണ്ണമായി പ്രവർത്തന സജ്ജമായിട്ടില്ല | 1-17 |
| 19 | ടെൻഡർ ലഭിച്ച കരാറുകാരൻ നിയമാനുസൃതം കരാർ ചമച്ചില്ല- പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചില്ല | 1-18 |
| 20 | ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ പ്രവൃത്തിയ്ക്ക് OH നൽകൽ – നികുതി വിഹിതം ഒടുക്കാത്ത തുക തിരികെ ഈടാക്കിയില്ല | 1-19 |
| 21 | കൃത്യമായ തിരിച്ചടവ് നടത്താത്തത് മൂലം റവന്യൂ റിക്കവറി ചാർജ്ജിനത്തിൽ പഞ്ചയത്തിന് നഷ്ടം | 1-20 |
| 22 | ഒഴിവില്ലാത്ത തസ്തികയിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ | 1-21 |

| | | |
|---|---|---|
| | നിയമനം- ക്രമപ്രകാരമല്ല | |
| 23 | ഐ സിഡിഎസ് സൂപ്പർവൈസർ നടപ്പാക്കിയ പ്രോജക്ടുകൾ- ചെലവ് സാധൂകരിക്കുന്ന രേഖകൾ ഇല്ല | 1-22 |
| 24 | ബാരൽ വില പിൻവലിച്ച് തനത് ഫണ്ടിൽ സൂക്ഷിക്കുന്നു | 1-23 |
| 25 | ആശ്രയപദ്ധതി- വികസനഫണ്ട് പിൻവലിച്ച് സിഡിഎസ് അക്കൗണ്ടിൽ സൂക്ഷിക്കുന്നു | 1-24 |
| 26 | ഗുണഭോക്താക്കളെ ഗ്രാമസഭ തിരഞ്ഞെടുക്കുന്നില്ല | 1-25 |
| 27 | ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി | 1-26 |
| 28 | ഇ- ടെൻഡർ ഫീസ് ഗ്രാമപഞ്ചായത്തിന് ലഭിക്കാൻ അവശേഷിക്കുന്നു | 1-27 |
| 29 | ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ – മരുന്നുകൾ ലഭിച്ചിട്ടില്ല | 1-28 |
| 30 | ലൈഫ് പദ്ധതി – അവലോകനം | 1-29 |
| 31 | വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല | 1-30 |
| 32 | ഇടപാടുകളില്ലാത്ത ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്തിട്ടില്ല | 1-31 |
| | **ഭാഗം 2** | |
| | **വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 1 | വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന വരവ് സംബന്ധമായ ഓഡിറ്റ് പരാമർശങ്ങൾ | 2-1 |
| | **ഭാഗം 3** | |
| | **ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 1 | വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ചെലവ് സംബന്ധമായ ഓഡിറ്റ് പരാമർശങ്ങൾ | 3-1 |
| | **ഭാഗം 4** | |
| | **പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകതൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/ വായ്പാ തിരിച്ചടവ് | 4-5 |

| | | |
|---|---|---|
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം 2018-19 | |
| അനുബന്ധം-2 | ബാലൻസ് ഷീറ്റ് - 31.03.2019 തീയതിയിൽ | |
| അനുബന്ധം-3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2018-19 | |
| അനുബന്ധം-4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2018-19 | |

## ഭാഗം -1
## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

17-3-2018 തീയതിയിലെ 1/I തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 28-1-2019 തീയതിയിലെ 3/III തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.
ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവു ചെലവ് വിവരം

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥ വരവ് |
|---|---|---|
| മുന്നിരിപ്പ് | 2407042 | 4873307 |
| വരവ് | 81776288 | 44409533 |
| ആകെ | 84183330 | 49282840 |
| ചെലവ് | 83041288 | 43130943 |
| നീക്കിയിരിപ്പ് | 1142042 | 6151897 |

പ്രതീക്ഷിത വരവുചെലവ് കണക്കുകൾ യഥാർത്ഥ തുകകളുമായി വളരെയേറെ അന്തരം വന്നതിൽ നിന്നും മുൻവർഷ കണക്കുകളെ ആധാരമാക്കാതെയും ആവശ്യമായ മുന്നൊരുക്കം നടത്താതെയുമാണ് ബജറ്റ് തയ്യാറാക്കിയത് എന്നത് വ്യക്തമാണ്. ബജറ്റ് തയ്യാറാക്കുന്നതിൽ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214 പ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും പാലിക്കേണ്ടതും മുൻവർഷ യഥാർത്ഥ കണക്കുകളെ ആധാരമാക്കേണ്ടതുമാണ്.

### 1-2 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി | % |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 8789434 | 8789434 | 8398755 | 390679 | 95.56 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 3754000 | 3754000 | 3754000 | 0 | 100 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 98000 | 98000 | 84375 | 13625 | 86.10 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 6498000 | 6498000 | 6210838 | 287162 | 95.58 |
| | 0 | 2780000 | 2780000 | 2313152 | 466848 | 83.21 |

| | | | | | | | |
|---|---|---|---|---|---|---|---|
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 5675793 | 5675793 | 3320135 | 2355658 | 58.5 |
| സാക്ഷരത | | 8036 | 50616 | 58652 | 50038 | 8614 | |
| ദുരിതാശ്വാസനിധി | | 1234 | 21396 | 22630 | 0 | 22630 | |
| എം.ജി.എൻ. ആർ.ഇ. ജി.എസ് | തൊഴിലാളികളുടെ കൂലി | | 13678687 | 13678687 | 13678687 | | |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 2281 | 447360 | 449641 | 446727 | 2914 | |
| ജലനിധി | | 413642 | 14668 | 428310 | 0 | 428310 | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | * | 1106262 | | 858100 | 248162 | |
| | ജില്ലാ പഞ്ചായത്ത് | 0 | 1397059 | 1397059 | 1397059 | 0 | |
| ബി ഫണ്ട് | | 0 | 28080 | 28080 | 28080 | 0 | |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 0 | 5598905 | 5598905 | 745087 | 4853818 | |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 3831613 | 5293059 | 9124672 | 5660666 | 3464006 | ** |
| | ട്രഷറി അക്കൗണ്ട് | 318131 | 7949892 | 8268023 | 7172504 | 1095519 | ** |
| ശുചിത്വമിഷൻ ഗ്രാന്റ് | | 1763988 | 496110 | 2260098 | 519768 | 1740330 | |

* സംയുക്ത പ്രൊജക്റ്റുകൾക്കായുള്ള അക്കൗണ്ടിൽ മുന്നിരിപ്പായി ചേർത്തിട്ടുള്ള 1,80,125/- രൂപ അനുപൂരക പോഷകാഹാരത്തിനായുള്ള കേന്ദ്രവിഹിതം വന്നതാണ്. ടി തുക തൻവർഷം ചെലവഴിച്ചിരുന്നു.

** തനത്ഫണ്ട് ചെലവ് തുകകൾ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റിലെ വിവിധ ഷെഡ്യൂളുകളിലെ അടിസ്ഥാനത്തിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. തനത്ഫണ്ട് ബാങ്ക് അക്കൗണ്ടുകളിൽ തനത്ഫണ്ട് എന്ന് വിവക്ഷിക്കാൻ കഴിയാത്ത തുകകളും ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുണ്ട്.

## 1-3 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 134 | 42079485/- | 106 | 30771476/- | 19 | 9 | 79.10 |

ഉത്പാദന മേഖലയുടെ സ്ഥായിയായ വളർച്ച, പരിസ്ഥിതി സംരക്ഷണം, സാമൂഹ്യ നീതി ഉറപ്പാക്കൽ, ആസ്തി സംരക്ഷണം, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, എന്നിവയ്ക്ക് മുൻഗണന നൽകിയിരുന്ന 13ാം പഞ്ചവത്സര പദ്ധതിയിലെ രണ്ടാം വാർഷികപദ്ധതി തയാറാക്കുന്നതിനുള്ള മാർഗ്ഗരേഖ തദ്ദേശ സ്വയംഭരണവകുപ്പിന്റെ 29.01.2018ലെ സർക്കാർ ഉത്തരവ്(കൈ)11/2018 ആയി പുറപ്പെടുവിക്കുകയുണ്ടായി. കടപ്ലാമറ്റം ഗ്രാമപഞ്ചായത്തിന്റെ 2018-19 വാർഷികപദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ 14.03.2018 ലെ ഉത്തരവ് നം. 490/18/ DPC/DPO/KTM പ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണത്തിന്റെ വിവിധഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നത് | 30/01/2018 |
| പദ്ധതി രൂപീകരണ ഗ്രാമസഭകൾ | 24/02/2018 |
| ഊരുകൂട്ടം | 28/02/2018 |
| വികസന സെമിനാർ | 10/03/2018 |

വാർഷികപദ്ധതിയുടെ ചെലവുശതമാനം 73.13. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണോദ്യോഗസ്ഥർ | ഏൽപ്പിച്ച പദ്ധതി കളുടെ എണ്ണം | നിർവ്വഹിച്ച പദ്ധതി കളുടെ എണ്ണം | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| 1. | കൃഷി ഓഫീസർ | 6 | 5 | 1732256/- | 1063623/- | 61 |
| 2. | വെറ്ററിനറി സർജൻ | 7 | 6 | 2852225/- | 1328247/- | 46.57 |
| 3. | മെഡിക്കൽ ഓഫീസർ - PHC | 1 | 1 | 450000/- | 450000/- | 100 |
| 4. | മെഡിക്കൽ ഓഫീസർ- ഹോമിയോ | 1 | 1 | 180000/- | 180000/- | 100 |
| 5. | മെഡിക്കൽ ഓഫീസർ- ആയുർവേദം | 1 | 1 | 525000/- | 525000/- | 100 |
| 6. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 10 | 9 | 12018317/- | 9395277/- | 78.17 |
| 7. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 10 | 7 | 2880167/- | 2474658/- | 86 |
| 8. | സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | 19 | 14 | 4652699/- | 3780382/- | 81.25 |
| 9. | ഹെഡ്മാസ്റ്റർ, ഗവ. എൽ.പി.എസ്. | 10 | 10 | 958002/- | 947786/- | 99 |
| 10. | അസിസ്റ്റന്റ് എഞ്ചിനീയർ | 57 | 42 | 14040041/- | 9047550/- | 64 |
| 11. | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 1000000/- | 1000000/- | 100 |
| 12. | അസിസ്റ്റന്റ് സെക്രട്ടറി | 11 | 9 | 790778/- | 578953/- | 73 |
| **ആകെ** | | **134** | **106** | **42079485/-** | **30771476/-** | **73.13** |

2018-19 കാലയളവിലെ വിഭവസമാഹരണം, ഫണ്ട് വിനിയോഗം, പ്രോജക്ടുകളുടെ തിരഞ്ഞെടുക്കൽ, നടത്തിപ്പ്, പൂർത്തീകരണം എന്നിവ പരിശോധിച്ചതിൽ പ്രോജക്ടുകൾ എല്ലാ മേഖലകളിലും നടപ്പാക്കിയിട്ടുണ്ട്. ധനകാര്യകമ്മീഷൻ ഗ്രാന്റ് ഒഴികെയുള്ള സർക്കാർ ഫണ്ടുകൾ എല്ലാം തന്നെ കാര്യക്ഷമമായി ചെലവഴിച്ചിരുന്നു. തൻവർഷം ചെലവ് വരാത്ത പ്രോജക്ടുകൾ പ്രവൃത്തി പൂർത്തിയാക്കി ബില്ലുകൾ ട്രഷറിയിൽ സമർപ്പിച്ച് ക്യൂവിലായ ബില്ലുകളും തൻവർഷം നടപ്പാക്കാതിരുന്നവയ്ക്ക് 2019-20 വർഷത്തെ പ്രോജക്ടിലുൾപ്പെടുത്തി അംഗീകാരം വാങ്ങി നിർവ്വഹണത്തിന് സജ്ജവുമാണ്. നിർവ്വഹണ ഉദ്യോഗസ്ഥരുടെ അവലോകനയോഗങ്ങൾ പ്രതിമാസം ചേർന്ന് പദ്ധതി പുരോഗതി വിലയിരുത്തിയിരുന്നു.

വർക്കിംഗ് ഗ്രൂപ്പുകൾ പുനഃസംഘടിപ്പിച്ചിരുന്നുവെങ്കിലും പലതും നിർജ്ജീവമാണെന്ന് കാണുന്നു. മൃഗസംരക്ഷണം, ക്ഷീരവികസനം, കുടിവെള്ളം ശുചിത്വം, കണക്കുകൾ രേഖകൾ തയ്യാറാക്കൽ, ജനസേവനം കാര്യക്ഷമമാക്കൽ എന്നിവയുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നിരുന്നുവെങ്കിലും പദ്ധതി നിർദ്ദേശങ്ങളൊന്നും നൽകിയിരുന്നില്ല.

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇവ ഫലപ്രദമായി നിർവ്വഹിക്കുന്നതായി കാണുന്നില്ല. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളുടെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

**<u>വികസനകാര്യം</u>**

വർക്കിംഗ് ഗ്രൂപ്പ് രൂപീകരണം മുതൽ പദ്ധതി അംഗീകാരം വരെയുള്ള നടപടിക്രമങ്ങൾ ഫലപ്രദമാക്കുവാൻ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. 2018-19 വാർഷികപദ്ധതി അവലോകനത്തിന്റെ ഭാഗമായി വിവിധ പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ട്. തൻവർഷം ചെലവഴിക്കാൻ സാധിക്കാത്ത തുക അടുത്ത വർഷത്തേയ്ക്ക് ചെലവഴിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**<u>ധനകാര്യം</u>**

ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി പദ്ധതി പ്രവർത്തനത്തിൽ സജീവമായ പങ്ക് വഹിച്ചിട്ടില്ലായെന്ന് കാണുന്നു. വരവുചെലവ് കണക്കുകൾ അംഗീകരിക്കുന്നത് ഒഴികെ പ്രോജക്ട് നിർവ്വഹണം സംബന്ധിച്ച വിലയിരുത്തലുകൾ ഉണ്ടാവുന്നില്ല. പഞ്ചായത്ത് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിന് ശ്ലാഘനീയമായ നടപടികൾ ഉണ്ടാകേണ്ടതുണ്ട്.

**<u>ആരോഗ്യം/വിദ്യാഭ്യാസം</u>**

പദ്ധതി രൂപീകരണം സംബന്ധിച്ച് വിശദമായി ചർച്ച ചെയ്ത് പ്രോജക്ട് നിർദ്ദേശങ്ങൾ ശുപാർശ ചെയ്തിരുന്നു. വർക്കിംഗ് ഗ്രൂപ്പുകൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിരുന്നു. മെറ്റീരിയൽ റിക്കവറി സെന്റർ നിർമ്മാണം, ഹരിത കർമ്മസേന സജ്ജമാക്കൽ തുടങ്ങി അനേകം പദ്ധതി നിർദ്ദേശങ്ങൾ ശുപാർശ ചെയ്തിരുന്നു.

**<u>ക്ഷേമകാര്യം</u>**

വിവിധ ക്ഷേമപെൻഷനുകളുടെ അംഗീകാരം നൽകലിൽ മാത്രമാണ് ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രവർത്തനമുള്ളതായി കാണുന്നത്. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഫലപ്രദമായി പ്രവർത്തിക്കുന്നതിന് നിർദ്ദേശം നൽകിയതായി കാണുന്നില്ല.

## 1-4 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഗ്രാമപഞ്ചായത്തിൽ വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനം നിയന്ത്രിച്ചിട്ടുണ്ട്. ഓഫീസ് ഉത്തരവുകളിലെ നിർദ്ദേശങ്ങൾക്കനുസൃതമായി എല്ലാ ചെലവുകളും നിയമസാധുത പരിശോധിക്കുന്നതിന് സെക്ഷൻ ക്ലാർക്കിനേയും ഉപരിപരിശോധനയ്ക്ക് അക്കൗണ്ടന്റിനേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ജീവനക്കാർ സ്ഥലം മാറി പോകുന്ന സാഹചര്യങ്ങളിൽ ചാർജ്ജ് കൈമാറ്റ രജിസ്റ്ററിൽ കൈമാറുന്ന ഫയലുകളുടെ വിവരം ചേർത്ത് പുതുതായി വരുന്ന ജീവനക്കാരന് നൽകുന്നുണ്ട്. വൗച്ചറുകൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടുണ്ട്. നികുതി കുടിശിക വരവുകൾ ഇൗടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്. വസ്തു നികുതിയുടെ പിരിവ് പുരോഗതി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി/പഞ്ചായത്ത് കമ്മറ്റി കൃത്യമായി നിരീക്ഷിച്ച് വരുന്നു.

കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 3(3) പ്രകാരം ഗ്രാമസഭ 3 മാസത്തിൽ ഒരിക്കൽ യോഗം ചേരണമെന്ന നിബന്ധന പാലിക്കുന്നില്ല. ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ മെയ് 2018 ന് ശേഷം അടുത്ത ഗ്രാമസഭായോഗം ചേർന്നത് നവംബർ 2018 നാണ്. ഇത് നിയമവിരുദ്ധമാണ്. കൂടാതെ കേരളപഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വയ്ക്കണമെന്ന വ്യവസ്ഥയും പാലിച്ചിട്ടില്ല.

## 1-5 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 9-10-19 ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 18931/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-6 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം | ഓഡിറ്റ് | റിപ്പോർട്ട് |
|---|---|---|---|

| | ഓഡിറ്റ് നടത്തിയ തീയതി | കാലയളവ് | ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26-04-2019 | 2019 ഫെബ്രുവരി | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11-01-2018-18-01-2018 | 2012-13 മുതൽ 2016-17 വരെ | LBA(HQ)II/8A-2747/341 dtd 23-02-18 |

## 1-7 വാർഷിക ധനകാര്യപത്രികകളുടെ പരിശോധനയും വിശകലനവും

**2018-19** സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ജി.ഒ.(എം.എസ്.)152/2011/തസ്വഭവ/26.7.2011 പ്രകാരം ആസ്തികളുടെ അക്കൗണ്ട് പൂർത്തിയാക്കിയിട്ടില്ലാത്തതിനാലും 31.3.19 വരെ ആർജ്ജിച്ച ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാലും B11ലെ തുകകളുടെ കൃത്യത ഉറപ്പാക്കാനായിട്ടില്ല.

2. വസ്തുനികുതിയുടെ വാർഷിക കണക്കുകൾ പ്രകാരമുള്ള കളക്ഷൻ ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

3. കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ 2011 ചട്ടം 58-4(എച്ച്)പ്രകാരം, തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തി I-16 ഷെഡ്യൂൾ തയ്യാറാക്കിയിട്ടില്ല.

അപാകതകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-8 വസ്തുനികുതി പിരിവ് പൂർണ്ണമല്ല

പഞ്ചായത്തിന്റെ വാർഷിക കണക്കുകൾ പ്രകാരം വസ്തുനികുതിയിനത്തിൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം പഞ്ചായത്തിന് താഴെപ്പറയും പ്രകാരം തുക ലഭ്യമാകാനുണ്ട്.

| കണക്ക് ശീർഷകം | വസ്തുനികുതി ഇനം | തുക (ലൈബ്രറി സെസ് ഉൾപ്പടെ) |
|---|---|---|
| 431100101 | റെസിഡെൻഷ്യൽ (കറണ്ട്) | 61197 |
| 431100102 | റെസിഡെൻഷ്യൽ (അരിയർ) | 131926 |
| 431100103 | നോൺ റെസിഡെൻഷ്യൽ (കറണ്ട്) | 188849 |
| 431100104 | നോൺ റെസിഡെൻഷ്യൽ (അരിയർ) | 364273 |
| ആകെ | | 746245 |

തനത് ഫണ്ട് വരുമാനം താരതമ്യേന വളരെക്കുറവുള്ള പഞ്ചായത്തിൽ വസ്തുനികുതി കുടിശികയിനത്തിൽ വൻതുക പിരിഞ്ഞു കിട്ടാനുണ്ടെങ്കിലും ആയത് പിരിച്ചെടുക്കുന്നതിനുള്ള ക്രിയാത്മക നടപടികൾ പഞ്ചായത്തു ഭരണസമിതിയുടെ ഭാഗത്തു നിന്നോ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ഭാഗത്തു നിന്നോ ഉണ്ടായതായി കാണുന്നില്ല. നിയമപ്രകാരം പഞ്ചായത്തിനു ലഭ്യമാകാനുള്ള നികുതി സമയബന്ധിതമായി ഈടാക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-9 ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപനതൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല

1996 ലെ KPR (തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽനികുതിയും ജീവനക്കാരുടെ

തൊഴിൽനികുതിയും അടയ്ക്കുവാൻ ബാധ്യസ്ഥരാണ്. എന്നാൽ പരിശോധനക്കായി ഹാജരാക്കിയ രജിസ്റ്ററുകൾ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന താഴെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽനികുതി, സ്ഥാപന തൊഴിൽനികുതി എന്നിവ ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

## ജീവനക്കാരുടെ തൊഴിൽ നികുതി

| ക്രമ നം. | സ്ഥാപനം | ഈടാക്കേണ്ട അർദ്ധവർഷം |
|---|---|---|
| 1 | ബി.എസ്.എൻ.എൽ, കടപ്ലാമറ്റം | 1,2 |
| 2. | സപ്ലൈകോ ഡിപ്പോ (താൽക്കാലിക ജീവനക്കാർ ഉൾപ്പെടെ) | 1,2 |
| 3. | ക്ഷീരോത്പാദകസഹകരണ സംഘം, ഇലയ്ക്കാട് | 1,2 |
| 4. | ക്ഷീരോത്പാദകസഹകരണ സംഘം, വയല | 1,2 |

## സ്ഥാപനതൊഴിൽ നികുതി

| ക്രമ നം. | സ്ഥാപനം | ഈടാക്കേണ്ട അർദ്ധവർഷം |
|---|---|---|
| 1. | ബി.എസ്.എൻ.എൽ, കടപ്ലാമറ്റം | 1,2 അർദ്ധവർഷം |
| 2. | ക്ഷീരോൽപാദക സഹരണസംഘം, ഇലക്കാട് | 1,2 |
| 3. | ക്ഷീരോൽപാദക സഹകരണസംഘം, വയല | 1,2 |

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1) പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപനങ്ങളുടെ തൊഴിൽനികുതിയും അടയ്ക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കുന്നതിന് കൃത്യമായ അസസ്മെന്റ്/ ഡിമാന്റ് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ സ്ഥാപന ഉടമ/ തൊഴിൽ ഉടമയിൽ നിന്നും നിയമാനുസൃതം പിഴ കൂടി ഈടാക്കാൻ നടപടികൾ സ്വീകരിക്കാവുന്നതാണ്. മേൽ പരാമർശിച്ച സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതിയും സ്ഥാപന തൊഴിൽനികുതിയും ബാധകമായ നിരക്കിൽ പിഴയും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-10-1 കുടിശിക ഈടാക്കാതെ തൻവർഷ വാടക സ്വീകരിച്ചു

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വയല ഷോപ്പിംഗ് കോപ്ലക്സിലെ 7 -ാം നമ്പർ മുറിയുടെ 2018-19 സാമ്പത്തിക വർഷത്തെ വാടക നാളിതുവരെ പിരിച്ചെടുത്തതായി കാണുന്നില്ല. എന്നാൽ 2019-20 വർഷത്തെ വാടകയിനത്തിൽ ജി എസ് ടി ഉൾപ്പെടെ 5877/- രൂപ (രസീത് നമ്പർ 119010101316 തീയതി 04-10-2019) അടവാക്കിയതായി കാണുന്നു. 2018-19 വർഷത്തെ വാടക കുടിശികയായി നിൽക്കെ 2019-20 വർഷത്തെ വാടക ഈടാക്കിയ നടപടി ഗൗരവ സ്വഭാവമുള്ള അപാകതയായി ഓഡിറ്റ് വിലയിരുത്തുന്നു. 2018-19 വർഷത്തെ വാടക ഈടാക്കി വിവരം അറിയിക്കാത്തപക്ഷം ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടമായി കണക്കാക്കി ചാർജ് നടപടികൾ സ്വീകരിക്കുന്നതാണ്.

## 1-10-2 വാടക പിരിവ് - അപാകതകൾ

തനതുവരുമാനം താരതമ്യേന കുറവായ കടപ്ലാമറ്റം പഞ്ചായത്തിന്റെ പ്രധാന വരുമാന സ്രോതസ്സുകളിലൊന്ന് വാടകയാണ്. രണ്ട് കമ്മ്യൂണിറ്റി ഹാളുകൾ, മൂന്നു ഷോപ്പിംഗ് കോംപ്ലക്സുകൾ എന്നിവയിലായി ആകെ 25 മുറികളിൽ നിന്നുമാണ് പ്രധാനമായും വാടകയിനത്തിൽ വരുമാനമുള്ളത്. ഇതുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ, ഫയലുകൾ തുടങ്ങിയവ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) പ്രധാനപ്പെട്ട വരുമാനമാർഗ്ഗമാണെങ്കിലും വാടക പിരിവുമായി ബന്ധപ്പെട്ട ബൈലോ തയ്യാറാക്കിയിരുന്നില്ല. വാടക പിരിവുമായി ബന്ധപ്പെട്ട നിബന്ധനകൾ, മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ ഉൾപ്പെടുത്തി ബൈലോ രൂപീകരിക്കേണ്ടതാണ്.

2) കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട ഉഭയകക്ഷി കരാറുകളിൽ സെക്രട്ടറി ഒരു കക്ഷിയായി ഒപ്പുവയ്ക്കുന്നില്ലെന്നു കാണുന്നു. കരാറുകളിൽ വാടകയ്ക്ക് നൽകുന്ന വ്യക്തിയുടെ വിവരങ്ങൾ, വാടക തുക, കാലാവധി, കെട്ടിട നമ്പർ തുടങ്ങിയ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. കരാറുകൾ നിയമസാധുത ലഭിക്കുന്ന വിധം രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കേണ്ടതാണ്.

3) 2018-19 വർഷത്തിൽ വാടകപിരിവ് പൂർണ്ണമല്ലെന്നു കാണുന്നു. കുടിശികയായി അവശേഷിക്കുന്ന വാടകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | കെട്ടിടം | വ്യക്തിയുടെ സ്ഥാപനത്തിന്റെ പേര് | ലഭ്യമാകാനുള്ള തുക |
|---|---|---|---|
| 1 | വയല ഷോപ്പിംഗ് കോംപ്ലക്സ് (പഴയത്) 2 -ാം നമ്പർ മുറി | ഷിബു ജോർജ്, പാറതൊട്ടിയിൽ | 2538/- |
| 2 | ,, 7 -ാം നമ്പർ മുറി | സെക്രട്ടറി, സി പി ഐ, ലോക്കൽ കമ്മറ്റി, കടപ്ലാമറ്റം | 5040/- |
| 3 | വയല ഷോപ്പിംഗ് കോംപ്ലക്സ് (പുതിയത്) 4-ാം നമ്പർ മുറി | കെ എസ് ഇ ബി, സബ് എഞ്ചിനീയർ ഓഫീസ്, വയല | 150/- |
| 4 | ,, മുകൾ നില | പ്രിൻസിപ്പൽ ജനറൽ മാനേജർ, ബിഎസ്എൻഎൽ, കോട്ടയം | 37800/- |
| | | ആകെ | 45528/- |

പിരിച്ചെടുക്കാനുള്ള വാടക നിയമപ്രകാരമുള്ള ജി എസ് ടി ഉൾപ്പെടെ പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4)പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളായ ബിഎസ്എൻഎൽ, പോസ്റ്റ് ഓഫീസ്, കെഎസ്ഇബി എന്നിവയുടെ വാടകയിൽ വാർഷിക വർദ്ധനവ് വരുത്തുന്നതായോ നിയമപ്രകാരമുള്ള കരാറിൽ ഏർപ്പെടുന്നതായോ കാണുന്നില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കു (എൻക്വയറി നമ്പർ 3) ലഭ്യമാക്കിയ മറുപടിയിൽ മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെടുന്നതിനും വാടകയിൽ വാർഷിക വർദ്ധനവ് വരുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

5)2018-19 ലെ പഞ്ചായത്തിന്റെ വാർഷിക കണക്കുകൾ പ്രകാരം 27172/-രൂപ വാടകയിനത്തിൽ മുൻ വർഷ കുടിശികയായി കാണുന്നു. ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭ്യമാക്കാൻ പഞ്ചായത്തിനു കഴിഞ്ഞിട്ടില്ല. കുടിശികയുടെ കൃത്യത നിർണ്ണയിച്ച് ആയത് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-11 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ

1996ലെ കേരള പഞ്ചായത്ത് രാജ് ലൈസൻസ് ചട്ടങ്ങൾക്ക് 30.10.2017 ലെ ജി.ഒ.(പി)80/17/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഭേദഗതി ചട്ടങ്ങൾ അനുസരിച്ച് വിറ്റുവരവിന് പകരം മൂലധനനിക്ഷേപം ആധാരമാക്കിയാണ് ലൈസൻസ് ഫീസ് നിശ്ചയിക്കേണ്ടത്. 16.4.2018 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽ (7/VII നമ്പർ തീരുമാനം) 2018-19 സാമ്പത്തികവർഷം മുതൽ 31.10.2017 തീയതിയിലെ ഗസറ്റ് വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ്

ഫീസ് നിശ്ചയിക്കുന്നതിന് തീരുമാനിച്ചിരുന്നു. എന്നാൽ പ്രസ്തുത തീരുമാനത്തിന് ശേഷവും ഗ്രാമപഞ്ചായത്തിൽ ചില അപേക്ഷകളിൽ വിറ്റുവരവിനനുസരിച്ച് ഫീസ് ഈടാക്കിയിട്ടുള്ളതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | അപേക്ഷകന്റെ പേര്, മേൽവിലാസം | സംരംഭം |
|---|---|---|
| 1 | റ്റി.ഡി.ദിനമണി, തൈപ്പറമ്പിൽ, വയല. | ടെക്സ്റ്റൈൽസ്, സ്റ്റീൽ, അലൂമിനിയം പാത്രങ്ങൾ |
| 2 | ജോസഫ്.ഇ.ഒ., ഇടാട്ടേൽ, വയല. | ഇലക്ട്രിക്കൽ ഹാർഡ് വെയർ |
| 3 | എൻ.പി.ജോസഫ്, നാരകക്കുഴിയിൽ, വയല | സ്റ്റേഷനറി, ബേക്കറി |
| 4 | കെ.ആർ.പീതാംബരൻ, കിഴക്കേപ്പറമ്പിൽ,വയല | പലചരക്ക്,പച്ചക്കറി |
| 5. | റ്റി.വിജോസഫ്, റോയൽ ഫോം ഇൻഡസ്ട്രീസ് | ഫോം ബെഡ് |

ഇതു സംബന്ധിച്ച് നൽകിയ ഒാഡിറ്റ് അന്വേഷണക്കുറിപ്പിന് (5) അപേക്ഷകളുടെ ഫയൽ കുറിപ്പിൽ വിറ്റുവരവിനനുസരിച്ച് ഫീസ് ഈടാക്കിയിരുന്നുവെങ്കിലും ഫീസിനത്തിൽ നഷ്ടം സംഭവിച്ചിട്ടില്ലായെന്ന് അറിയിച്ചിട്ടുണ്ട്. ഇത് ക്രമപ്രകാരമല്ല. ഡി & ഒ ലൈസൻസ്ചട്ടങ്ങൾക്ക് 30.10.2017 ലെ ഭേദഗതി ചട്ടങ്ങൾ നിലവിൽ വന്നതിന് ശേഷം മൂലധന നിക്ഷേപത്തെ അടിസ്ഥാനമാക്കി ലൈസൻസ് ഫീസ് നിശ്ചയിക്കേണ്ടതും ആയത് അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധ പ്രസ്തുത വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-12 പഞ്ചായത്തിലെ വൃക്ഷങ്ങളുടെ ലേലം - കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കിയില്ല

പഞ്ചായത്ത് കമ്മറ്റിയുടെ 05.12.2018 ലെ VIII നമ്പർ തീരുമാനപ്രകാരം നെല്ലിക്കുന്ന് സാംസ്കാരിക നിലയത്തിന്റെ പരിസരത്ത് സൂക്ഷിച്ചിട്ടുള്ള വാകമരത്തിന്റെ വെട്ടിമാറ്റപ്പെട്ട ശിഖരങ്ങൾ വനംവകുപ്പിൽ നിന്നും ലഭിച്ചിട്ടുള്ള 3540/- രൂപ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ ലേലം ചെയ്യാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു. ലേലനടപടികളുടെ പുരോഗതി ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി 6 ) ലേലം നടത്തിയെങ്കിലും ആരും പങ്കെടുത്തില്ലെന്നും വിറക് ഇപ്പോഴും പ്രസ്തുത സ്ഥലത്ത് സൂക്ഷിച്ചിട്ടുള്ളതാണെന്നും അറിയിച്ചു. വൃക്ഷശിഖരങ്ങൾ നശിച്ചുപോകാതെ പുനർലേലം നടത്തി മുതൽക്കൂട്ടുന്നതിനുള്ള അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 പ്രത്യേക ആവശ്യത്തിന് ലഭിച്ച തുക ചെലവഴിക്കാത്തത് സംബന്ധിച്ച്

### 1.പ്രവൃത്തി നടപ്പാക്കിയില്ല-തുക തിരിച്ചടച്ചു

ഗ്രാമപഞ്ചായത്തിലെ കച്ചിറത്തോട് നീർത്തടപദ്ധതിയുടെ ഭാഗമായി കിടങ്ങൂർ ചെക്ക് ഡാം പണിയുന്നതിന് 2007-08 വർഷം അനുവദിച്ച പശ്ചിമഘട്ടവികസനവിഹിതമായ 524575രൂപ ജില്ലാ സഹകരണബാങ്കിന്റെ കടപ്ലാമറ്റം ശാഖയിൽ നിക്ഷേപിച്ചിരുന്നു.(അക്കൗണ്ട് നം 400553) നാളിതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ലാത്തതിനാൽ ടി തുക പലിശയുൾപ്പെടെ തിരിച്ചടയ്ക്കാൻ കോട്ടയം ജില്ലാകളക്ടറുടെ 4.4.2018 ലെ 720/17-18/ ഡിപിഒ/കെടിഎംWGP കത്തിൽ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ പലിശയുൾപ്പെടെ 586593 രൂപ 02.06.2018 ൽ തിരികെ അടച്ചിട്ടുണ്ട്. വികസനപ്രവർത്തനത്തിന് ലഭിച്ച തുക നിർദ്ദിഷ്ട ആവശ്യങ്ങൾക്ക് വിനിയോഗിക്കാതെ സഹകരണബാങ്കിന്റെ അക്കൗണ്ടിൽ സൂക്ഷിച്ച നടപടി ക്രമപ്രകാരമല്ല.

ചെക്ക്ഡാം നിർമ്മാണത്തിന് ഇതര സ്രോതസ്സിൽ നിന്നും ലഭിച്ച ഫണ്ട് പ്രയോജനപ്പെടുത്താൻ കഴിയാത്ത സാഹചര്യം ഉണ്ടായതെന്തുകൊണ്ടാണെന്ന് വ്യക്തമല്ല. ഇപ്രകാരം ലഭിച്ച തുക ദീർഘകാലം സഹകരണ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ച് തുടർനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തിരികെ അടയ്ക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്. പ്രത്യേക ആവശ്യത്തിന് ലഭിച്ച തുക അതാത് ആവശ്യത്തിന് വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്

**2ശുചിത്വ മിഷനിൽ നിന്നും ലഭിച്ച തുക ചെലവഴിച്ചിട്ടില്ല**

ശുചിത്വ മിഷനിൽ നിന്നും ലഭിച്ച 1740330 രൂപ ചെലവഴിച്ചിട്ടില്ല. ടി തുക ലഭിച്ച വർഷം, ആവശ്യം, ചെലവഴിക്കാത്തതിന്റെ കാരണം എന്നിവ അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് 2019-20 വർഷം വിവിധ സ്ഥലങ്ങളിൽ തുമ്പൂർമൊഴിമോഡൽ കംപോസ്റ്റ് യൂണിറ്റ് നിർമ്മിക്കുന്നതിനായുള്ള പ്രോജക്ടിൽ ടി തുക വകയിരുത്തിയിട്ടുണ്ടെന്ന് അറിയിച്ചു. തുക വിനിയോഗിച്ച് വിവരം അറിയിക്കേണ്ടതാണ്

## 1-14 വിവിധയിനങ്ങളിലെ കുടിശിക സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയില്ല

കടപ്ലാമറ്റം ഗ്രാമപഞ്ചായത്തിന്റെ 2018-19 വാർഷിക കണക്കുകൾ പ്രകാരം തൊഴിൽ നികുതിയിനത്തിൽ 366,645 രൂപയും, ലൈസൻസ് ഫീസ് ഇനത്തിൽ 182,361 രൂപയും കുടിശികയായി കാണുന്നു. ഗ്രാമപഞ്ചായത്തിൽ ഇതുമായി ബന്ധപ്പെട്ട യാതൊരു വിവരങ്ങളും ലഭ്യമാക്കിയിരുന്നില്ല. 2012-13 മുതൽ 13 കാറികളുടെ തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ വാർഷികകണക്കിൽ തെറ്റായി ഉൾപ്പെട്ടിട്ടുള്ളതാണെന്ന് ഗ്രാമപഞ്ചായത്തിൽ നിന്നും അറിയിച്ചുവെങ്കിലും ആയതിനെ സാധൂകരിക്കുന്ന വിവരങ്ങളൊന്നും ഹാജരാക്കുവാൻ സാധിച്ചില്ല. കുടിശികയായി കണക്കിൽ ചേർത്തിട്ടുള്ള തുകകൾ യഥാർത്ഥ കുടിശികയല്ലെന്നുള്ള വിശദീകരണം ഇത് സംബന്ധമായ നിയന്ത്രണ സംവിധാനത്തിലെ ന്യൂനത വെളിവാക്കുന്നു. കുടിശികയുടെ കൃത്യത നിർണ്ണയിച്ച് ആയത് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 ഗ്രാമപഞ്ചായത്തിന് പുതിയ ഓഫീസ് സമുച്ചയം - സ്ഥലം ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിലാക്കാത്തത് മൂലം നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞില്ല

ബഹു. കടുത്തുരുത്തി എം എൽ എ ശ്രീ മോൻസ് ജോസഫിന്റെ ആസ്തി വികസന ഫണ്ടിൽ നിന്നും ഗ്രാമപഞ്ചായത്തിനു പുതിയ ഓഫീസ് സമുച്ചയം നിർമ്മിക്കുന്നതിനായി അനുവദിച്ചിരുന്ന 1 കോടി രൂപ വിനിയോഗിച്ച് കെട്ടിടം പണി ആരംഭിക്കുന്നതിന് 16.05.2018 ലെ പഞ്ചായത്ത് കമ്മറ്റി തീരുമാനമെടുത്തിരുന്നു. 18-05-2018-ൽ പുതിയ ഓഫീസ് സമുച്ചയ നിർമ്മാണത്തിന്റെ ശിലാസ്ഥാപനം നടത്തിയിട്ടുണ്ട്. കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്ഥലം കടപ്ലാമറ്റം സെന്റ് മേരീസ് പള്ളി വർഷങ്ങൾക്ക് മുമ്പ് പഞ്ചായത്തിനു വിട്ടുനൽകിയിരുന്നെങ്കിലും പ്രസ്തുത സ്ഥലം നാളിതുവരെ നിരാക്ഷേപമായി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലായിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി8 ) നൽകിയ മറുപടിയിൽ സ്ഥലം പഞ്ചായത്തിനു വിട്ടുകിട്ടുന്നതിന് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിക്കുന്നതിനായി ഒരു കമ്മറ്റിയെ നിയമിച്ചിട്ടുണ്ടെന്ന് അറിയിച്ചു. വർഷങ്ങൾക്ക് മുൻപ് തന്നെ പള്ളി അധികൃതർ ഗ്രാമപഞ്ചായത്തിന് വിട്ട് നൽകിയ സ്ഥലം ഗ്രാമപഞ്ചായത്തിന്റെ പേരിൽ പോക്ക് വരവ് ചെയ്ത് മുതൽക്കൂട്ടിയില്ലായെന്നത് അധികാരികളുടെ ഭാഗത്തുനിന്നുള്ള അനാസ്ഥയായി കാണുന്നു. സമയബന്ധിതമായി സ്ഥലം പഞ്ചായത്തിന്റെ പേരിലാക്കി നിർമ്മാണത്തിന് സജ്ജമാക്കാത്ത പക്ഷം കെട്ടിട നിർമ്മാണത്തിനായി എംഎൽഎ ഫണ്ടിൽ നിന്നും അനുവദിച്ച തുക ലാപ്സായി പോകുന്ന സാഹചര്യവും ഉണ്ടാകാനിടയുണ്ട്. പ്രസ്തുത വിഷയത്തിൽ പഞ്ചായത്ത് ഭരണസമിതി കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണ്. പുതിയ ഓഫീസ് സമുച്ചയം നിർമ്മാണം സാദ്ധ്യമാക്കുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 സ്ട്രീറ്റ് ലൈറ്റ് മെയിൻ വലിക്കൽ അപാകതകൾ

(എ) കരാർ ചമക്കാതെ തുക കെ എസ് ഇ ബി ക്ക് കൈമാറി

| | |
|---|---|
| പ്രോജക്ട് നം | 04/19 |
| അടങ്കൽ | 913857(ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് | ബിൽ നം.1256358/25.02.2019- ₹378780 |

| | ബിൽ നം.1125932/25.01.2019- ₹519672 |
|---|---|

പ്രസ്തുത പ്രോജക്ട് പ്രകാരം വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കുന്നതിനായി കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ, കിടങ്ങൂർക്ക് 378780 രൂപയും കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ കുറവിലങ്ങാടിന് 454772 രൂപയും കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ മരങ്ങാട്ടുപിള്ളിക്ക് 64900 രൂപയും നിക്ഷേപിച്ചിട്ടുണ്ട്. പൂർത്തീകരണ കാലാവധി, നിർവ്വഹണവുമായി ബന്ധപ്പെട്ട വിവരങ്ങൾ എന്നിവ ഉൾപ്പെടുത്തി ഇതിൽ കെ എസ് ഇ ബി കിടങ്ങൂർ മരാങ്ങാട്ടുപിള്ളി സെക്ഷനുമായി നിയമാനുസൃതം കരാർ ചമക്കാതെയാണ് തുകകൾ കൈമാറിയിട്ടുള്ളത്. ഇതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.17) ലഭ്യമാക്കിയ മറുപടിയോടൊപ്പം മരങ്ങാട്ടുപിള്ളി സെക്ഷനിൽ നിക്ഷേപിച്ച 64900 രൂപയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയതിൽ പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചുവെന്ന് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടെങ്കിൽ പ്രവൃത്തികളുടെ വിശദമായ വിനിയോഗസാക്ഷ്യപത്രവും, മൂല്യനിർണ്ണയ വിശദാംശങ്ങളും മോണിറ്ററിംങ് റിപ്പോർട്ടും ഹാജരാക്കേണ്ടതാണ്. ആയതുവരെ ആകെ 898452 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

(ബി) പവർലൈൻ മാപ്പ് തയ്യാറാക്കിയിട്ടില്ല

വൈദ്യുതലൈൻ ദീർഘിപ്പിക്കൽ, സ്ട്രീറ്റ് ലൈറ്റ് മെയിൻ സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികൾക്കായി ഓോരോ വാർഷികപദ്ധതിയിലും ഭീമമായ തുക വൈദ്യുതബോർഡിൽ നിക്ഷേപിക്കുന്നുണ്ട്. എന്നാൽ പഞ്ചായത്തിന്റെ അധികാരപരിധിയിലുള്ള പ്രദേശങ്ങളിലെ വൈദ്യുതലൈനുകൾ, സ്ട്രീറ്റ്ലൈറ്റ് ലൈൻ, തുടങ്ങി വികസനപ്രവർത്തനങ്ങളുടെ ഭാഗമായി ഓരോ വർഷവും ഏതെല്ലാം പ്രദേശത്തേയ്ക്ക് ലൈൻ ദീർഘിപ്പിക്കുന്നു തുടങ്ങിയ കാര്യങ്ങൾ ഉൾപ്പെടുത്തി പവർലൈൻ മാപ്പ് തയ്യാറാക്കിയിട്ടില്ല. ആയതിനാൽ ഇത്തരത്തിൽ ചെലവഴിക്കുന്ന തുക ആവശ്യാധിഷ്ഠിതമാണോ എന്ന് കൃത്യമായി നിർണ്ണയിക്കാൻ സാധിക്കുന്നില്ല.

## 1-17 പട്ടികജാതി വനിതകൾക്ക് വസ്ത്രനിർമ്മാണയൂണിറ്റ് തുക വിനയോഗിച്ചിട്ടും പൂർണ്ണമായി പ്രവർത്തനസജ്ജമായിട്ടില്ല

| | |
|---|---|
| പ്രോജക്റ്റ് നം | 118/19 |
| അടങ്കൽ | 1,55,000/-(SCP) |
| ചെലവ് | 1,11,919/- (ബിൽ നം18/27-12-18) |
| കൺവീനർ | അജേഷ്.പി.എസ് |

പട്ടികജാതി വനിതകൾക്ക് വസ്ത്രനിർമ്മാണയൂണിറ്റ് ആരംഭിക്കുന്നതിനായി എസ്സിപി ഫണ്ട് ഉപയോഗിച്ച് ഗ്രാമപഞ്ചായത്ത് കെട്ടിടത്തിന് മുകളിലായുള്ള ഹാൾ അലൂമിനിയം പാർട്ടീഷനാൽ തിരിച്ച് മുറിയാക്കിയെടുക്കുന്നതിനും മുകൾവശം സീലിങ്ങ് സ്ഥാപിച്ച് പൂർണ്ണമായി അടവാക്കിയെടുക്കുന്നതിനും എസ്റ്റിമേറ്റ് തയ്യാറാക്കി നടപ്പാക്കിയിരുന്നു. ടി കെട്ടിടത്തിൽ ഭൗതിക പരിശോധന നടത്തിയതിൽ പ്രസ്തുത റൂമിന് ഇലക്ട്രിഫിക്കേഷൻ നടത്തിയിട്ടില്ലായെന്ന് ബോദ്ധ്യമാവുകയും ഉപയോഗശൂന്യമായ സാമഗ്രികൾ കൂട്ടിയിട്ടിരിക്കുന്നതായും കാണപ്പെട്ടു. തയ്യൽ യൂണിറ്റ് ആരംഭിക്കുന്നതിന് കൃത്യമായ മുന്നൊരുക്കങ്ങൾ നടത്തിയിരുന്നില്ല. യൂണിറ്റിലേക്കുള്ള അംഗങ്ങളെ തിരഞ്ഞെടുക്കുകയോ പരിശീലനം നൽകുകയോ ചെയ്തിരുന്നില്ല. കൂടാതെ വസ്ത്രനിർമ്മാണയൂണിറ്റിന് അത്യന്താപേക്ഷിതമായ ഇലക്ട്രിക് കണക്ഷന്റെ അഭാവമുള്ളതിനാൽ ടി മുറിയിൽ പ്രവർത്തനം സാദ്ധ്യമല്ലായെന്നും കാണുന്നു. കൂടാതെ മുകൾനിലയിലെ പ്രസ്തുത പാർട്ടീഷൻ റൂമിനകത്ത് തയ്യൽജോലികൾ അസാദ്ധ്യമാകും വിധം അത്യധികമായ ചൂടും അനുഭവപ്പെടുന്നുണ്ട്. എസ് സി ഫണ്ട് ഇപ്രകാരം പ്രയോജനരഹിതമായ പ്രോജക്റ്റുകൾക്കായി വിനിയോഗിച്ച് പാഴാക്കുന്ന നടപടി ക്രമപ്രകാരമല്ല. 2018-19 വർഷം അസി.സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി എസ് സി വനിതകൾക്ക് തയ്യൽപരിശീലനം എന്ന പ്രൊജക്റ്റ് തയ്യാറാക്കിയിരുന്നുവെങ്കിലും നടപ്പാക്കിയിരുന്നില്ല. വസ്ത്രനിർമ്മാണയൂണിറ്റിന് ആവശ്യമായ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതും ഇലക്ട്രിക് കണക്ഷനും മറ്റ് അനുബന്ധസൗകര്യങ്ങളുമൊരുക്കി കെട്ടിടം പ്രവർത്തനക്ഷമമാക്കുവാൻ ഊർജ്ജിത ശ്രമങ്ങളുണ്ടാകേണ്ടതുമുണ്ട്. പ്രോജക്റ്റ് ലക്ഷ്യം കൈവരിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത കെട്ടിട നിർമ്മാണത്തിനായി ചെലവഴിച്ച 1,11,919/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-18 ടെൻഡർ ലഭിച്ച കരാറുകാരൻ നിയമാനുസൃതം കരാർ ചമച്ചില്ല- പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചില്ല

പ്രോജക്ട് നം 125/19 കീപ്പുറം അടിക്കൊള്ളി മണ്ണാത്തുമാക്കി റോഡ്-കൂവള്ളൂർ പുതിയിടത്തുപറമ്പ് റോഡ് റീടാറിങ്ങ് എന്ന പ്രോജക്ടിനായി ടെൻഡർ ക്ഷണിച്ചതിൽ കെ.എസ്.കുമാരി(5%കുറവ്), പി എ ജോസഫ് (8.61%കുറവ്) എന്നിവർ ടെൻഡർ സമർപ്പിച്ചിരുന്നു. ഇതിൽ കുറഞ്ഞനിരക്ക് ക്വാട്ട് ചെയ്തിരുന്ന പി എ ജോസഫിന്റെ കരാർ അംഗീകരിച്ച് സെലക്ഷൻ നോട്ടീസ് നൽകിയിരുന്നു. എന്നാൽ ടിയാൾ കരാർ വച്ചിരുന്നില്ല. 2012ലെ കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009.6 പ്രകാരം 14+10 ദിവസത്തിന് ശേഷവും കരാറുടമ്പടി വയ്ക്കാത്ത പക്ഷം കരാർ റദ്ദാക്കണമെന്നും ഇഎംഡി കണ്ടുകെട്ടി ടെൻഡർ നിബന്ധനകളിലെ വ്യവസ്ഥകൾ പ്രകാരമുള്ള മറ്റു നടപടികളും സ്വീകരിക്കണമെന്നും വ്യവസ്ഥചെയ്യുന്നു. കൂടാതെ തൊട്ടടുത്ത കരാറുകാരനുമായി കരാർ ഏറ്റെടുക്കാമോയെന്ന് നെഗോഷ്യേറ്റ് ചെയ്യണമെന്നും വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ മേൽ പറഞ്ഞ നടപടിക്രമങ്ങൾ കൂടാതെയും തൊട്ടടുത്ത കരാറുകാരനുമായി നെഗോഷ്യേറ്റ് ചെയ്യാതെയും റീടെൻഡർ ക്ഷണിക്കുകയാണുണ്ടായത്. റീടെൻഡറിൽ എസ്റ്റിമേറ്റ് നിരക്കിലുള്ള സിംഗിൾ ടെൻഡർ ലഭിക്കുകയും അംഗീകരിക്കുകയും ചെയ്തിരുന്നു. നിയമാനുസൃതമായ നടപടികൾ സ്വീകരിക്കാതിരുന്നതിന് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി ഇഎംഡി ഗ്രാമപഞ്ചായത്തിലേക്ക് മുതൽക്കൂട്ടാൻ നടപടി സ്വീകരിക്കുന്നതാണെന്ന് അസി.എഞ്ചിനീയർ അറിയിച്ചിരുന്നു. ഇഎംഡി തുക മുതൽക്കൂട്ടി വിവരം അറിയിക്കേണ്ടതാണ്. പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് മാത്രം ടെൻഡർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ പ്രവൃത്തിയ്ക്ക് ഓവർഹെഡ് ചാർജ് നൽകൽ- നികുതി വിഹിതം ഒടുക്കാത്ത തുക തിരികെ ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിൽ ഗുണഭോക്തൃസമിതി മുഖേന നിർമ്മാണം നടത്തുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയത് കരാറുകാരന്റെ ലാഭവിഹിതം ഒഴിവാക്കിയും 10% ഓവർഹെഡ്ചാർജ് ഉൾപ്പെടുത്തിയുമായിരുന്നു. ഫിനാൻസ് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 14-12-2016 ലെ Ind&pw-B2/266/2016-Fin കത്ത്, തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 11-5-2017 ലെ ഡിബി3/6512(B)/13/CE/തസ്വഭവ എന്നിവ പ്രകാരം ഗുണഭോക്തൃസമിതി വഴി നിർവ്വഹണം നടത്തുന്ന പ്രവൃത്തികളിൽ 7.5% ഓവർഹെഡ്ചാർജ് അനുവദിച്ചാൽ മതിയെന്നും 1-7-2017 മുതൽ വാറ്റ് നിലവിലില്ലാത്തതിനാൽ അതിന് ശേഷം അളവുകളെടുക്കുന്ന ബില്ലിൽ നിന്നും ടി 5% തുക കുറവ് ചെയ്യാവുന്നതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട് (ഡിബി3-9058/17/CE/LSGD/dt 16-3-18). എന്നാൽ താഴെ പറയുന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി തുക നൽകിയിരിക്കുന്നത് ഓവർഹെഡ് ചാർജ് ആയി 7.5% തുക കൂടി ഉൾപ്പെടുത്തിയാണ്. ബിൽ തുകയിൽ നിന്ന് ആദായനികുതിയിനത്തിൽ 2% തുകയും ക്ഷേമനിധിയിനത്തിൽ 1%തുകയുമാണ് കുറവ് ചെയ്തിരുന്നത്. ആയതിനാൽ ആകെ ബിൽ തുകയിൽ നിന്നും കുറവ് ചെയ്ത 3% ഒഴികെയുള്ള തുക അധികമായി കൺവീനർക്ക് നൽകാനിടയായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം | 144/19 ഓഫീസ് സൗകര്യം മെച്ചപ്പെടുത്തൽ |
| അടങ്കൽ | 49500/- (തനത് ഫണ്ട്) |
| ചെലവ് | 49228/- ചെക്ക് നം. 0986413/24.1.2019 |
| കൺവീനർ | ഉല്ലാസ്.കെ.എസ് |
| കരാർ നം. | 43/AE/LSGD/KDPM/2018-19തീയതി 10-12-18 |
| നൽകാവുന്ന തുക | 49228X1.03/1.075=47167 |
| അധികം നൽകിയ തുക | 49228-47167=2061/- |

കൺവീനർക്ക് ഓവർഹെഡ്ചാർജ് ഇനത്തിൽ അധികം നൽകിയ 2061/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

## 1-20 കൃത്യമായ തിരിച്ചടവ് നടത്താത്തത് മൂലം റവന്യൂ റിക്കവറിചാർജ്ജിനത്തിൽ ഗ്രാമപഞ്ചായത്തിന് നഷ്ടം

1990-91 വർഷം കടപ്ലാമറ്റം, വയല എന്നീ സ്ഥലങ്ങളിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി RDB യിൽ നിന്നും 12,82,700/-രൂപ വായ്പ എടുത്തിരുന്നു. 24 തുല്യഗഡുക്കളായി ഒടുക്കണമെന്ന വ്യവസ്ഥയിലാണ് ലോൺ അനുവദിച്ചത്. എന്നാൽ 1992 ന് ശേഷം 2001 വരെക്കാലയളവിൽ തിരിച്ചടവ് മുടങ്ങിയിരുന്നു. ആർഡിബിയെ കെയുആർഡിഎഫ്സിയിൽ ലയിപ്പിച്ചപ്പോൾ 4114770/- രൂപയാണ് പഞ്ചായത്തിന്റെ ബാദ്ധ്യതയായി കണക്കാക്കിയിരുന്നത്. ഇതിൽ 31-3-2018 വരെ 2640969/- രൂപ പഞ്ചായത്ത് കെയുആർഡിഎഫ്സിയ്ക്ക് ഒടുക്കിയിരുന്നു. ഗ്രാമപഞ്ചായത്തിന്റെ കണക്കുകൾ പ്രകാരം 14,73,801/- രൂപ മാത്രമേ അതിന് ശേഷം അടയ്ക്കാനുള്ളൂ. എന്നാൽ കെയുആർഡിഎഫ് സിയുടെ കണക്കുകൾ പ്രകാരം 1666966/- അടയ്ക്കുവാൻ അവശേഷിക്കുന്നു. വ്യത്യാസം വന്ന 193165/- രൂപ റവന്യൂ റിക്കവറി ചാർജ്ജ് തുകയാണ് (അടയ്ക്കുന്ന തുകയുടെ 7% നിരക്കിൽ). ടി തുക റവന്യൂറിക്കവറിയുടെ ചാർജ്ജിനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്ന് നഷ്ടമായി. മുൻവർഷങ്ങളിൽ കൃത്യമായ തിരിച്ചടവ് നടത്താതിരുന്നത് മൂലമാണ് ഈ രീതിയിൽ റവന്യൂറിക്കവറിയിലേക്ക് നീങ്ങിയ സാഹചര്യമുണ്ടായത്. 2020-21 വർഷം കൊണ്ട് മുഴുവൻ തുകയും നൽകാമെന്ന വ്യവസ്ഥയിൽ റവന്യൂറിക്കവറി തത്ക്കാലത്തേയ്ക്ക് നിർത്തി വച്ചിരിക്കുകയാണ്. ലോൺ തുക സമയബന്ധിതമായി അടച്ചു തീർത്ത് പഞ്ചായത്ത് ഫണ്ടിന് അനാവശ്യമായ ബാധ്യത ഉണ്ടാവുന്ന സാഹചര്യം കർശനമായി ഒഴിവാക്കേണ്ടതാണ്. ടി വിഷയത്തിൽ സ്വീകരിക്കുന്ന തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-21 ഒഴിവില്ലാത്ത തസ്തികയിലേയ്ക്ക് ദിവസവേതനഅടിസ്ഥാനത്തിൽ നിയമനം -ക്രമപ്രകാരമല്ല

ക്ലറിക്കൽ തസ്തികയിലേയ്ക്ക് ദിവസവേതനാടിസ്ഥാനത്തിൽ അക്ഷയ്.ജി.രവി എന്നയാളെ 16.04.2018 ലെ IX ാം നം. കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. പുനർവിന്യാസത്തിലൂടെ നിയമിക്കപ്പെട്ട തസ്തികയിൽ മാത്രമേ ഒഴിവുണ്ടായിരുന്നുള്ളൂ. ടി തസ്തിക പിൻവലിച്ച സാഹചര്യത്തിൽ സർക്കാർ പുതിയ തസ്തിക സൃഷ്ടിച്ചാൽ മാത്രമേ ഒഴിവിലേക്ക് പുതിയ ആളെ നിയമിക്കാൻ സാധിക്കൂ. സർക്കാർ അംഗീകാരമില്ലാത്ത തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തേണ്ട സാഹചര്യം വരുകയാണെങ്കിൽ സർക്കാർ മുൻകൂർ അനുമതി ആവശ്യമാണ്. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (15) മറുപടി ലഭ്യമായില്ല. സ.ഉ.(പി) നം 189/2000/എൽഎസ്ജിഡി തീയതി 4-7-2000, സർക്കുലർ നം 79865/ഇപിഎ1/08/തസ്വഭവ തീയതി 2-03-2009 എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിലെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കായി താൽക്കാലിക വേതനത്തിൽ ഒരാൾക്ക് പ്രതിവർഷം 100 പ്രവൃത്തി ദിവസങ്ങൾ ജോലി നൽകാവുന്നതാണ്. 100 ദിവസത്തിൽ കൂടുതൽ നിയമനം നൽകുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമുണ്ട്. ഈ വ്യവസ്ഥ ലംഘിച്ചുകൊണ്ടാണ് പഞ്ചായത്തിൽ 2018-19 വർഷം മുഴുവനും അക്ഷയ്.ജി.രവി എന്നയാളുടെ താത്ക്കാലിക നിയമനം നടത്തിയത്. ഗ്രാമപഞ്ചായത്ത് സർക്കാരിൽ നിന്നും മുൻകൂർ അനുമതി വാങ്ങാതെ താത്ക്കാലിക നിയമനം നടത്തിയ നടപടിയിന്മേൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-22 ഐ സി ഡി എസ് സൂപ്പർവൈസർ നടപ്പാക്കിയ പ്രോജക്റ്റുകൾ -ചെലവിനെ സാധൂകരിക്കുന്ന രേഖകൾ ഇല്ല

a)

| പ്രോജക്റ്റ് | നം 22/19 അനുപൂരക പോഷകാഹാര പദ്ധതി |
|---|---|
| അടങ്കൽ | വികസനഫണ്ട് - 675213<br>കേന്ദ്രാവിഷ്കൃത ഫണ്ട് - 500000<br>1175213 |
| ചെലവ് | വികസനഫണ്ട് - 675213<br>കേന്ദ്രാവിഷ്കൃത ഫണ്ട് - 477050<br>1152263 |

1.ടി പ്രോജക്ടിനായി ബിൽ നം 1/SNP/2018-19 26.06.18 പ്രകാരം വികസനഫണ്ടിൽ നിന്നും 456770 രൂപ പിൻവലിച്ചതിൽ 331436 രൂപ സിവിൽസപ്ലൈസ് കോർപ്പറേഷനും 95532രൂപ ഭാഗ്യശ്രീ അമൃതംഫുഡ് പ്രോഡക്ടിനും നൽകിയിട്ടുണ്ട്. സിവിൽസപ്ലൈസ് കോർപ്പറേഷന്റെ രണ്ട് ബില്ലുകൾ ഫയലിൽ ലഭ്യമാണ്. ലഭിച്ച സാധനങ്ങളുടെ വിതരണവിവരം ലഭ്യമല്ല. അമൃതംഫുഡ് പ്രോഡക്ടിന്റെ അക്കൗണ്ടിൽ തുക ക്രെഡിറ്റ് ചെയ്തിട്ടുണ്ടെങ്കിലും ബില്ലുകൾ, വിതരണവിവരം എന്നിവ ലഭ്യമല്ല. ബിൽ നം 5/SNP/2018-19 26.06.18 പ്രകാരം പിൻവലിച്ച 85369 രൂപയിൽ 75871 രൂപ സിവിൽസപ്ലൈസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. ലഭിച്ച സാധനങ്ങളുടെ വിതരണവിവരം ലഭ്യമല്ല.

2. 26.11.18 ലെ 0657175 നമ്പർ ചെക്ക് പ്രകാരം 94994 രൂപ സിവിൽസപ്ലൈസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. ബില്ലുകൾ വിതരണ വിവരം എന്നിവ ലഭ്യമല്ല.

3.ഭാഗ്യശ്രീ അമൃതംഫുഡ് പ്രോഡക്ടിന്റെ 22.09.18 ലെ 179 നമ്പർ ബിൽ പ്രകാരം 594 കി. ഗ്രാം.THRS ലഭിച്ചിട്ടുണ്ട്. എന്നാൽ 546 കി.ഗ്രാം. മാത്രമാണ് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിതരണം ചെയ്തിട്ടുള്ളത്.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി നൽകിയില്ല. ആയതിനാൽ മേൽ ബില്ലുകൾ പ്രകാരം ചെലവഴിച്ച തുക 637133/- രൂപ തടസ്സപ്പെടുത്തുന്നു

**<u>b) ഭിന്നശേഷി കലാകായിക മത്സരങ്ങൾ-</u>**

പ്രോജക്ട് നം 74/19
അടങ്കൽ -50000 (വികസനഫണ്ട്)

ചെലവ്-14998
ബിൽ നം. 8/01.01.2019
മേൽ പ്രോജക്ട് പ്രകാരം 14998/-രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ നടത്തിയ മത്സരങ്ങൾ, പങ്കെടുത്തവരുടെ ഹാജർ റിപ്പോർട്ട് തുടങ്ങിയവ ഫയലിൽ ഇല്ല. അപാകതകൾ വിശദീകരിക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മേൽ പ്രോജക്ടിന് ചെലവഴിച്ച 14998/- രൂപ തടസ്സപ്പെടുത്തുന്നു. ഐസിഡിഎസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പ്രോജക്ടുകളുടെ ഫയൽ സൂക്ഷിപ്പിലെ അപര്യാപ്തത പരിഹരിച്ച് ആവശ്യമായ ആധികാരിക ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം പരിഹരിക്കേണ്ടതാണ്.

## 1-23 ബാരൽ വില പിൻവലിച്ച് തനത് ഫണ്ടിൽ സൂക്ഷിക്കുന്നു

ഗ്രാമപഞ്ചായത്തിൽ തൻവർഷം നടപ്പാക്കിയ റോഡ് ടാറിംഗ്, റീടാറിംഗ് പ്രവൃത്തികൾക്കായി ഉപയോഗിച്ച ബിറ്റുമിന്റെ കാലി ബാരലുകളുടെ വില കരാറുകാരന്റെ ബില്ലിൽ നിന്ന് കുറവ് ചെയ്ത് സെക്രട്ടറിയുടെ പേരിലുള്ള തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിക്കുന്നതായി കാണുന്നു. സർക്കുലർ നം.59827/എഫ്എം/07തസ്വഭവ 30.10.07 പ്രകാരം ടാർ വീപ്പയുടെ വില ഏത് ഫണ്ടിൽ നിന്നാണൊ ടാർ വാങ്ങി പ്രവൃത്തി ചെയ്തത് അതേ ഫണ്ടിൽ ജി.ഒ.(പി)177/06 ധന തീയതി 12.04.06 ഉത്തരവ് പാലിച്ച് തിരിച്ചടയ്ക്കണമെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. ആയതിനാൽ ബിറ്റുമിൻ ബാരൽ വില പിൻവലിച്ച് തനത് ഫണ്ടിൽ സൂക്ഷിക്കുന്ന നടപടി സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമായിരുന്നില്ല. ഗ്രാമപഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുള്ള ബാരൽ വില സർക്കാർ ഫണ്ടിലേക്ക് തിരികെ അടയേ്ക്കണ്ടതാണ്.

## 1-24 ആശ്രയ പദ്ധതി - വികസനഫണ്ട് പിൻവലിച്ച് സിഡിഎസ് അക്കൗണ്ടിൽ സൂക്ഷിക്കുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്ട് | 40/19 |
| ചെലവ് | 35000 |
| ബിൽ നം. | 09/18-19/26.12.18 (കുടുംബശ്രീ-അക്കൗണ്ട് നം. 125401000068684) |

ആശ്രയ പദ്ധതി പ്രകാരം വികസന ഫണ്ടിൽ നിന്നും 35,000 രൂപ പിൻവലിച്ച് കുടുംബശ്രീയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. പ്രസ്തുത തുക ചെലവഴിച്ചിട്ടില്ല. ചെലവ് ശതമാനം ഉയർത്തുക എന്ന ലക്ഷ്യത്തോടെ സിഡിഎസ് അക്കൗണ്ടിലേക്ക് തുക മാറ്റുകയും തുടർ പ്രവർത്തനങ്ങൾ അവസാനിപ്പിക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷമാണ് നിലവിലുള്ളത്.

അഗതി കുടുംബങ്ങളിലെ 64 ഗുണഭോക്താക്കളെ ഉൾപ്പെടുത്തി 2005-06 ൽ ആരംഭിച്ച ഒന്നാം ഘട്ട പദ്ധതിയിലും 2014-17 കാലയളവിലേയ്ക്ക് പുതിയ 65 ഗുണഭോക്തൃകുടുംബങ്ങളെ ഉൾപ്പെടുത്തി പ്രോജക്ട് അംഗീകാരം ലഭിച്ച ആശ്രയ രണ്ടാം ഘട്ട പ്രോജക്ട് പ്രകാരവും ഗുണഭോക്താക്കൾക്ക് പൂർണ്ണമായും സേവനങ്ങൾ നൽകാൻ കഴിഞ്ഞിട്ടില്ല. രണ്ടാം ഘട്ടത്തിൽ ഭവനനിർമ്മാണത്തിനായി തെരഞ്ഞടുക്കപ്പെട്ട 47 പേരിൽ 35 പേർക്കും ആനുകൂല്യം നൽകിയിട്ടില്ല.

ആശ്രയ പദ്ധതിയുടെ ഒന്നാം ഘട്ടവും രണ്ടാം ഘട്ടവും അവസാനിച്ചപ്പോൾ അക്കൗണ്ടിൽ പ്ലാൻ ഫണ്ടുൾപ്പെടെയുള്ള തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു. 31.03.2019 ലെ നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഘട്ടം | ചലഞ്ച് ഫണ്ട് | പ്ലാൻ ഫണ്ട് | (പലിശയുൾപ്പെടെയുള്ള) നീക്കിയിരിപ്പ് |
|---|---|---|---|
| ഒന്നാം ഘട്ടം | 971568 | 130017 | 1584583 |
| രണ്ടാംഘട്ടം | 46666 | 145000 | 215788 |

ഒന്നും രണ്ടും ഘട്ടങ്ങൾ അവസാനിച്ചപ്പോൾ പ്ലാൻ ഫണ്ടിൽ മാത്രം 275017/- രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. നിലവിൽ മൂന്നാം ഘട്ട പ്രോജക്ടിന് സ്റ്റേറ്റ് മിഷന്റെ അംഗീകാരം ലഭ്യമായിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഒന്നും രണ്ടും ഘട്ടത്തിൽ ചെലവഴിക്കാതെ അവശേഷിച്ചിരുന്ന തുക പുതിയ അക്കൗണ്ട് തുടങ്ങി (അക്കൗണ്ട് നം 12540100079202 ഫെഡറൽ ബാങ്ക് കടപ്ലാമറ്റം) ആയതിലേക്ക് 18/09/19-ൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. അഗതിരഹിത കേരളം പദ്ധതിയുടെ മാർഗ്ഗരേഖയ്ക്ക് അനുസൃതമായി തുക ചെലവഴിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-25 ഗുണഭോക്താക്കളെ ഗ്രാമസഭ തെരഞ്ഞെടുക്കിന്നില്ല

പഞ്ചായത്ത് നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതികളുടെ ഗുണഭോക്താക്കളെ ഗ്രാമസഭ തിരഞ്ഞെടുക്കുന്നതായി കാണുന്നില്ല.

| | പ്രോജക്ടിന്റെ പേര് | നമ്പർ | ഗുണഭോക്താക്കളുടെ എണ്ണം | ചെലവായ തുക | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|
| 1 | വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം | 107/19 | 34 | 50000 | ഹെഡ് മാസ്റ്റർ |
| 2 | മാലിന്യങ്ങൾ ശേഖരിക്കുന്നതിനു വീടുകളിലേയ്ക്ക് പ്ലാസ്റ്റിക് ബിൻ വാങ്ങൽ | 123/19 | 173 | 119350 | വി ഇ ഓ |

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 3 പ്രകാരം ഗുണഭോക്താക്കളെ തിരഞ്ഞെടുക്കാനുള്ള അധികാരം ഗ്രാമസഭയിൽ നിക്ഷിപ്തമാണ്. ഗ്രാമസഭ തിരഞ്ഞെടുക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയത് സർക്കാർ ഉത്തരവുകളുടെ ലംഘനമാണ്. ഓഡിറ്റ് സമാപനയോഗത്തിൽ ഇത്തരം പ്രോജക്റ്റുകൾക്ക് മുൻകൂട്ടി ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിലുള്ള സാങ്കേതികബുദ്ധിമുട്ട് നിർവ്വഹണോദ്യോഗസ്ഥർ അറിയിച്ചിരുന്നു. എങ്കിൽക്കൂടി ആനുകൂല്യം നൽകിയ ഗുണഭോക്താക്കളുടെ വിവരങ്ങൾ അടുത്ത ഗ്രാമസഭയിൽ വച്ച് സാധൂകരിച്ച് അംഗീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-26 ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി

നിർവ്വഹണ ഉദ്യോഗസ്ഥൻ -ഹെഡ്മാസ്റ്റർ ഗവ.യു.പി. സ്കൂൾ

പ്രോജക്ട് നം-94/19പട്ടിക ജാതിവിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങൽ

അടങ്കൽ-138000 (വികസനഫണ്ട്, എസ് സി പി)

ചെലവ്-138000, ബിൽ നം. 10/26.02.2019

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങി നൽകുന്നതിനാണ് തുക ചെലവഴിച്ചത്. പദ്ധതിയുടെ ആനുകൂല്യം ലഭിച്ച താഴെപറയുന്നവർ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടതായി കാണുന്നില്ല.

1. അനോര പ്രൻസി ആനന്ദ്
2. ആരോമൽ വിക്രമൻ
3. വിവേക് വിധു
4. അനാമിക എൻ എ
5. അശ്വന്ത് സി എം
6. അമന്യ എ ആർ
7. ആരോമൽ അമ്പിളി

ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകിയത് സംബന്ധിച്ച് വിശദീകരണമാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് കുട്ടികളുടെ പേരിന് പകരം കുടുംബത്തിലെ മറ്റാൾക്കാരുടെ പേരുകൾ ഉൾപ്പെട്ടതിനാലാണ് ആനുകൂല്യം നൽകിയതെന്ന മറുപടി അംഗീകരിക്കാനാവില്ല. കൂടാതെ മറുപടിയെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കിയില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 3 എ സി പ്രകാരം ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയുള്ള പദ്ധതികളെ സംബന്ധിച്ച് നിശ്ചയിക്കപ്പെട്ടിട്ടുള്ള മാനദണ്ഡമനുസരിച്ച് മുൻഗണനാക്രമത്തിൽ അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തിമമായി തയ്യാറാക്കി ഗ്രാമപഞ്ചായത്തിന് നൽകുക എന്നത് ഗ്രാമസഭയുടെ അധികാരമാണ്. ഗ്രാമസഭ അംഗീകരിക്കാത്ത ഗുണഭോക്താവിന് ധനസഹായം നൽകിയ നടപടി നിയമവിരുദ്ധമാണ്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 8.12.14 ലെ 4212/എബി1/14 തസ്വഭവ നമ്പർ സർക്കുലർ പ്രകാരം ഗുണഭോക്തൃലിസ്റ്റിൽപ്പെടാത്തവർക്ക് ആനുകൂല്യങ്ങൾ നൽകുന്നുവെങ്കിൽ ആയതിനുള്ള ഉത്തരവാദിത്വം ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.
ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ചുമതലാപരിധിയിൽ വരുന്ന പ്രസ്തുത പ്രോജക്ടിന്റെ നിർവ്വഹണ നടപടിക്രമങ്ങൾ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് വിലയിരുത്തിയിരുത്തിയിട്ടില്ല. മേൽ സാഹചര്യത്തിൽ പ്രോജക്ട് പ്രകാരമുള്ള 138000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-27 ഇ-ടെൻഡർ ഫീസ് ഗ്രാമപഞ്ചായത്തിന് ലഭിക്കാൻ അവശേഷിക്കുന്നു

ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കി വന്നിരുന്നത് അതാത് ജില്ലാപഞ്ചായത്ത് എക്സി.എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലായിരുന്നു. ടി തുകകൾ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്കുള്ള വരുമാനം കൂടിയാണ്. 2018-19 വർഷം കടപ്ലാമറ്റം ഗ്രാമപഞ്ചായത്തിലെ ഇ-ടെൻഡർ ഫീസിനത്തിൽ എക്സി.എഞ്ചിനീയറുടെ അക്കൗണ്ടിൽ ലഭ്യമായ തുകകൾ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിരുന്നില്ല. 8ലക്ഷം രൂപ അടങ്കലായുള്ള 84-ാം നമ്പർ അംഗൻവാടി മെയിന്റനൻസ് (പ്രോ.നം 100/18-19) എന്ന പ്രോജക്റ്റിനായി ഇ-ടെൻഡർ ക്ഷണിച്ചതിൽ 2കരാറുകാർ ടെൻഡർ സമർപ്പിക്കുകയും ടെൻഡർ ഫീസായി 3200/- (1600x2) കോട്ടയം ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ഒടുക്കുകയും ചെയ്തിരുന്നു. ചീഫ് എഞ്ചിനീയറുടെ 17-08-2017 ലെ DB1/7942/2010/CE/LSGD നം സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും SBIയിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. എന്നാൽ കടപ്ലാമറ്റം ഗ്രാമപഞ്ചായത്ത് ഇത്തരത്തിൽ ഒരു അക്കൗണ്ട് ആരംഭിച്ചിട്ടില്ല. ഇ-ടെൻഡർ ഫീസിനത്തിൽ ഗ്രാമപഞ്ചായത്തിന് തൻവർഷം ലഭിക്കുവാനുള്ള 3200/- രൂപയും മുൻവർഷങ്ങളിൽ ഇ-ടെൻഡർ ഫീസിനത്തിൽ ലഭിക്കാനുള്ള തുകയും ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ ഇ-ടെണ്ടറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി അക്കൗണ്ട് ആരംഭിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതുമാണ്.

## 1-28 ഹോമിയോ ആശുപത്രിയ്ക്ക് മരുന്നു വാങ്ങൽ - മരുന്നുകൾ ലഭിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. | 21/18-19 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| ചെലവ് | 180000 |
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) |
| ബിൽ നം. | 1/18-19/17.12.18 |

ഹോമിയോ ആശുപത്രിയ്ക്ക് മരുന്നു വാങ്ങൽ പദ്ധതിയ്ക്കായി ഹോംകോ, ആലപ്പുഴ എന്ന സ്ഥാപനത്തിന് 180000/- രൂപ 17.12.2018ൽ സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് നൽകിയിരുന്നു. എന്നാൽ നാളിതുവരെ മരുന്നുകൾ ലഭിച്ചിട്ടില്ല. ആയത് ലഭ്യമാകുന്നത് വരെ 180000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-29 ലൈഫ് പദ്ധതി - അവലോകനം

2017-18 വർഷത്തിൽ ആരംഭിച്ച ഭവനനിർമ്മാണപദ്ധതിയായ ലൈഫ് മിഷനിൽ കടപ്ലാമറ്റം ഗ്രാമപഞ്ചായത്തിൽ ജനറൽ വിഭാഗത്തിൽ 10 ഗുണഭോക്താക്കളെയും പട്ടികജാതി വിഭാഗത്തിൽ 5 ഗുണഭോക്താക്കളെയും തിരഞ്ഞെടുത്തിരുന്നു. നിലവിൽ ജനറൽ വിഭാഗത്തിൽ 3 ഗുണഭോക്താക്കളും പട്ടികജാതി വിഭാഗത്തിൽ 2 ഗുണഭോക്താക്കളും ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. പൂർത്തിയാകാത്ത ഭവനങ്ങളുടെ നിർമ്മാണം പുരോഗമിക്കുന്നുണ്ടെന്ന് പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസറും പഞ്ചായത്ത് ഭരണസമിതിയും അറിയിച്ചു. നിർമ്മാണം പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-30 വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല

1. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി

പ്രോജക്ട് നമ്പർ -60/19

ചെലവ് -500000 (വികസനഫണ്ട്)

ബിൽ നമ്പർ KVP 04/18-19 /7.01.19

വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പ്രോജക്ടിനായി 80 കിടാരികളെ എന്റോൾ ചെയ്ത് കാലിത്തീറ്റ നൽകുന്നതിനായി 500000 രൂപ വികസനഫണ്ടിൽ നിന്നും പിൻവലിച്ച് കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടർക്ക് നൽകി. കടപ്ലാമറ്റം ക്ഷീരോൽപ്പാദക സംഘത്തെ കാലിത്തീറ്റ വിതരണത്തിനായി തെരഞ്ഞെടുത്തു. പ്രോജക്ടിന്റെ നിർവ്വഹണ കാലാവധിക്കു ശേഷം വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

2. 14/19 കിടങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ വിശ്രാന്തി സമഗ്രശ്മശാന വകസനപദ്ധതിക്ക് പഞ്ചായത്ത് വിഹിതം

പ്രോജക്ട് നമ്പർ -14/19

ചെലവ് -300000 (വികസനഫണ്ട്)

ബിൽ നമ്പർ 2788 / 28.07.18

സെക്രട്ടറി നടപ്പാക്കിയ മേൽ പ്രോജക്ട് പ്രകാരം കിടങ്ങൂർ ഗ്രാമപഞ്ചായത്തിൽ സമഗ്രശ്മശാനം പണിയുന്നതിന് ഗ്രാമപഞ്ചായത്തിന്റെ വിഹിതമായ 300000 രൂപ കിടങ്ങൂർ ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. എന്നാൽ തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.

വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതു വരെ മേൽ പ്രോജക്ടുകൾക്ക് ചെലവഴിവഴിച്ച 8,00,000/- (5,00,000+3,00,000) രൂപ തടസ്സപ്പെടുത്തുന്നു

### 1-31 ഇടപാടുകളില്ലാത്ത ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്തിട്ടില്ല

ദീർഘകാലമായി ഇടപാടുകളില്ലാത്ത ബാങ്ക് അക്കൗണ്ട് പഞ്ചായത്ത് നിലനിർത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | ബാങ്ക് അക്കൗണ്ടിന്റെ വിവരം | ബാങ്ക് അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുക | റിമാർക്ക്സ് |
|---|---|---|---|
| 1 | കോട്ടയം ജില്ല സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നം. 050161200420080 | 839/- (31.08.2019 തീയതിയിൽ) | പെൻഷൻ അക്കൗണ്ട് |

25.08.2014 ന് ശേഷം പ്രസ്തുത അക്കൗണ്ടിൽ യാതൊരു ഇടപാടുകളും നടത്തിയിട്ടില്ല. നിലവിൽ നിഷ്ക്രിയമായി തുടരുന്ന പ്രസ്തുത അക്കൗണ്ട് ക്ലോസ് ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

### 1-32 പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കൽ-വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ 75 പൊതുടാപ്പുകളുടെ വെള്ളക്കരം പ്രതിമാസം 32813 രൂപ വീതം ഒടുക്കുന്നതിനായി പ്രോജക്ട് തയ്യാറാക്കി 2017-18 വർഷം 393756 രൂപ വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ പൊതുടാപ്പുകളുടെ എണ്ണം സംബന്ധിച്ച് പഞ്ചായത്തും വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തിയിട്ടില്ല. സംയുക്തപരിശോധന നടത്താത്തതിനാൽ പൊതുടാപ്പുകളുടെ എണ്ണം സംബന്ധിച്ച് പഞ്ചായത്തിൽ വ്യക്തതയില്ല. വാട്ടർ അതോറിറ്റി എല്ലാ മാസവും 32813 രൂപ കുടിശ്ശികയും 656 രൂപ ഫൈനുമുൾപ്പെടെ 66282 രൂപയുടെ ഡിമാന്റ് നോട്ടീസ് നൽകുന്നുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വെള്ളക്കരം അടവാക്കുന്നുണ്ട്. സംയുക്തപരിശോധന നടത്തി പൊതുടാപ്പുകളുടെ എണ്ണം കൃത്യമായി കണക്കാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രവർത്തനക്ഷമമല്ലാത്ത പൊതുടാപ്പുകളുടെ വെള്ളക്കരം ഒടുക്കുന്ന സാഹചര്യം ഉണ്ടാകുന്നില്ലായെന്നും ഇക്കാര്യത്തിൽ ആവർത്തന നഷ്ടം ഉണ്ടാകുന്നില്ലായെന്നും ഉറപ്പുവരുത്തേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന വരവ് സംബന്ധമായ ഓഡിറ്റ് പരാമർശങ്ങൾ

മേൽ പരാമർശിത നിയമവ്യവസ്ഥകൾ പ്രകാരം ചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന പരാമർശങ്ങൾ ഇല്ല. ഭാഗം 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള വരവ് സംബന്ധമായ ഖണ്ഡികകളിൽ പരാമർശിക്കുന്ന അപാകതകളിന്മേൽ ഭരണതല തുടർനടപടികൾ സ്വീകരിച്ച് ബാധകമായ നിയമങ്ങൾ പ്രകാരമുള്ള റിക്കവറി നടപടികളും തുടർ നടപടികളും സ്വീകരിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ചെലവ് സംബന്ധമായ ഓഡിറ്റ് പരാമർശങ്ങൾ

മേൽ പരാമർശിത നിയമവ്യവസ്ഥകൾ പ്രകാരം സർചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന പരാമർശങ്ങൾ ഇല്ല. ഭാഗം 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള ചെലവ് സംബന്ധമായ ഓഡിറ്റ് നിരീക്ഷണങ്ങൾ വിശകലനം ചെയ്ത് ബാധകമായ നിയമങ്ങൾ/ചട്ടങ്ങൾ പ്രകാരമുള്ള റിക്കവറി നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -4
# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 24.05.19& 25.05.19 | കെ എസ് എ കെ ടി എം പി4 752/2019 04/06/2019 |

## 4-2 സംയുക്തപ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 127500 | നെൽകൃഷിയിൽ ഗ്രൂപ്പ് ഫാമിങ്ങ് | 127500 | 0 |
| | | 100000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 100000 | 0 |
| | | 329900 | ലൈഫ് മിഷൻ എസ് സി വിഭാഗം | 81738 | 248162 |
| | | 548862 | ലൈഫ് മിഷൻ ജനറൽ വിഭാഗം | 548862 | 0 |
| കോട്ടയം ജില്ലാ പഞ്ചായത്ത് | 2018-19 | 800000 | ക്ഷീരകർഷകർക്ക് കാലിത്തീറ്റ ഇൻസെന്റീവ് | 800000 | 0 |
| | | 250395 | ലൈഫ് മിഷൻ എസ് സി വിഭാഗം | 250395 | 0 |
| | | 346664 | ലൈഫ് മിഷൻ ജനറൽ വിഭാഗം | 346664 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് ലൈറ്റ് | U000000612594794 | 453772 | 0 | 454772 |

| | | | | | |
|---|---|---|---|---|---|
| കുറവിലങ്ങാട് | മെയിൻ വലിക്കൽ | തീയതി11.03.2019 | | | |
| കെ.എസ്.ഇ.ബി. കിടങ്ങൂർ | സ്ട്രീറ്റ് ലൈറ്റ് മെയിൻ വലിക്കൽ | U000000624149618 തീയതി 21.03.2019 | 378780 | 0 | 378780 |
| കെ.എസ്.ഇ.ബി. മരങ്ങാട്ടുപിള്ളി | സ്ട്രീറ്റ് ലൈറ്റ് മെയിൻ വലിക്കൽ | U000000612594792 തീയതി11.03.2019 | 64900 | 0 | 64900 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 2469874 രൂപ വരവുണ്ട്. ടി തുക ലൈഫ് ഭവനപദ്ധതിക്കായി വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ആർ ഡി ബി ലോൺ | 2987/എ3/90/ ആർ.ഡി.ബി | 41,14,770 | 16,66,966 | 750000 | - | 916966 |
| ലൈഫ് ഭവന പദ്ധതി- കെ യു അർ ഡി എഫ് സി ലോൺ | ജിഒ (എം.എസ്) 68/2018/ എൽഎസ്ജിഡി തീയതി 18.05.2018 | 2469874 | - | - | - | 2469874 |

## 4-6 സ്ഥിര നിക്ഷേപം

ഗ്രാമപഞ്ചായത്തിൽ സ്ഥിരം നിക്ഷേപം ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഇല്ല.

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 49282840 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 43130943 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2815502 |

(ബി). **പഞ്ചായത്ത്ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 898452 | ശ്രീ.സണ്ണി മാത്യു, സെക്രട്ടറി |
| 1-17 | 111919 | ശ്രീ.നിബു കുര്യൻ, അസി.എഞ്ചിനീയർ |
| 1-22 (a) | 637133 | ശ്രീമതി. വിസി ബി.ആർ. ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-22(b) | 14998 | ശ്രീമതി. ഓമന എം.ഡി. ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-26 | 138000 | ശ്രീമതി. വി.എസ്. ചന്ദ്രാമ്മ, ഹെഡ്മിസ്ട്രസ്സ് |
| 1-28 | 180000 | ഡോ.റ്റിനു മാത്യു, മെഡിക്കൽ ഓഫീസർ-ഹോമിയോ |
| 1-30(1) | 500000 | ഡോ.സന്തോഷ്.കെ.സി, വെറ്ററിനറി സർജൻ |
| 1-30(2) | 300000 | ശ്രീ.സണ്ണി മാത്യു, സെക്രട്ടറി |
| ആകെ | 2815502 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം/ചട്ടങ്ങൾ പ്രകാരം ചാർജ്/സർചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന വ്യക്തമായ നഷ്ടം പ്രതിപാദിച്ചിട്ടില്ല.

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01, 2001-02 ചെലവ് | എൽ.എഫ്.കെ.പി.4/ അദ18/212(1)/ 18/3.2.18 | 1 |
| 2009-10 | എൽ.എഫ്.കെ.പി.4/ അദ18/212(3)/18/ 3.2.18 | 3 |
| 2010-11 | എൽ.എഫ്.കെ.പി.4/ അദ18/212(4)/18/ 3.2.18 | 1 |
| 2011-12 | എൽ.എഫ്.കെ.പി.4/ അദ18/212(5)/18/ 3.2.18 | 1 |
| 2012-13 | എൽ.എഫ്.കെ.പി.4/249/15/18.4.15 | 19 |
| 2013-14, 2014-15 | നം.കെ.എസ്.എ-കെ.ടി.എം.പി.4/420/16/ 21.2.17 | 8 |
| 2015-16 | നം.കെ.എസ്.എ-കെ.ടി.എം.പി.4/1327/17/ 29.11.17 | 4 |
| 2016-17 | നം.കെ.എസ്.എ-കെ.ടി.എം.പി.4/1520/17/ 14.10.17 | 13 |
| 2017-18 | നം.കെ.എസ്.എ-കെ.ടി.എം.പി.4/460/19 14.10.17 | - |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ,**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.**

<u>അനുബന്ധം 1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

**നം.കെ.എസ്.എ-കെ.ടി.എം.പി4/1614/19** **കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**

**ഫോൺ: 04812564886**

**ഇ-മെയിൽ: doktm.ksad@kerala.gov.in**

**തീയതി:12.11.2019**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ **കടപ്ലാമറ്റം ഗ്രാമപഞ്ചായത്തിന്റെ 2018-19** വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **കടപ്ലാമറ്റം ഗ്രാമപഞ്ചായത്തിന്റെ 2018-19-ലെ** വാർഷിക ധനനകാര്യപത്രിക വരവുചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു. ഇത് തയ്യാറാക്കിയത് 1994 ലെ കേരളാപഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും 2011 കേരളാ പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങളും അനുസരിച്ചാണ്.

**ഡെപ്യൂട്ടി ഡയറക്ടർ,**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**